# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 25 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com


---

## *തങ്ക അങ്കി ഘോഷയാത്ര 26-ന് സന്നിധാനത്തെത്തും*

ശബരിമല അയ്യപ്പ വിഗ്രഹത്തിൽ ചാർത്താനുള്ള തങ്ക അങ്കിയും വഹിച്ചുകൊണ്ടുള്ള രഥഘോഷയാത്ര നാളെ (26/12/2019) വൈകുന്നേരം ശബരിമല സന്നിധാനത്തെത്തും. ഉച്ചകഴിഞ്ഞ് ഘോഷയാത്ര പമ്പയിൽ എത്തും. വൈകുന്നേരം 5.30 ഓടെ തങ്ക അങ്കി സ്വീകരിക്കാൻ നിയോഗിക്കപ്പെട്ടവർ തിരുനടയിൽ എത്തി പ്രത്യേക ഹാരം അണിഞ്ഞ് ശരംകുത്തിയിലേക്ക് യാത്ര തിരിക്കും. ആറ് മണിയോടെ തങ്ക അങ്കി ഘോഷയാത്രയ്ക്ക് ശരംകുത്തിയിൽ വച്ച് ആചാരപൂർവ്വമുള്ള സ്വീകരണം നൽകും. തുടർന്ന് ക്ഷേത്രത്തിലേക്ക് ആനയിക്കും. 6.25 ഓടെ പതിനെട്ടാം പടി കയറി കൊണ്ടു വരുന്ന തങ്ക അങ്കി പേടകം ശ്രീകോവിലിലേക്ക് ക്ഷേത്രതന്ത്രിയും മേൽശാന്തിയും ചേർന്ന് ഏറ്റുവാങ്ങും. ശേഷം തങ്ക അങ്കി ചാർത്തിയുള്ള മഹാദീപാരാധന നടക്കും.

ആറന്മുള പാർഥസാരഥി ക്ഷേത്രത്തിൽ നിന്ന് 23-ന് രാവിലെ ഏഴിനാണ് പ്രത്യേകം തയാറാക്കിയ രഥത്തിൽ അയ്യപ്പന് ചാർത്താനുള്ള തങ്ക അങ്കികൾ അടങ്ങിയ പേടകം വഹിച്ചുകൊണ്ടുള്ള ഘോഷയാത്ര ആരംഭിച്ചത്. ശബരിമല ക്ഷേത്ര മാതൃകയിലാണ് ഘോഷയാത്രയ്ക്കുള്ള രഥം തയാറാക്കിയിട്ടുള്ളത്.

തിരുവിതാംകൂർ മഹാരാജാവായിരുന്ന ചിത്തിര തിരുനാൾ ബാലരാമ വർമയാണ് മണ്ഡലപൂജയ്ക്കു ചാർത്തുന്നതിനുള്ള 450 പവൻ തൂക്കമുള്ള തങ്കഅങ്കി 1973ൽ നടയ്ക്കുവച്ചത്.

അയ്യപ്പഭക്തരുടെ ശരണംവിളികൾകൊണ്ട് മുഖരിതമായ അന്തരീക്ഷത്തിൽ ആറന്മുളയിൽ പാർഥസാരഥി ക്ഷേത്രത്തിൽ നിന്നുമാണ് രഥയാത്ര പുറപ്പെട്ടത്. ആറന്മുള ക്ഷേത്രത്തിന്റെ സ്ട്രോംഗ് റൂമിൽ സൂക്ഷിച്ചിരുന്ന തങ്കഅങ്കി നേരത്തെ ദേവസ്വം അധികാരികൾ ഏറ്റുവാങ്ങി ക്ഷേത്രത്തിൽ ദർശനത്തിനു വച്ചിരുന്നു. തുടർന്ന് സായുധ പോലീസിന്റെ അകമ്പടിയിൽ തങ്കഅങ്കി പുറത്തേക്ക് എഴുന്നള്ളിച്ചു.

തങ്കഅങ്കി രഥഘോഷയാത്ര പുറപ്പെടുമ്പോൾ വൻജനാവലിയാണ് ആറന്മുളയിലുണ്ടായിരുന്നത്. ദേവസ്വം ബോർഡ് പ്രസിഡന്റ് എൻ. വാസു, മെമ്പർമാരായ എൻ.വിജയകുമാർ, കെ.എസ്. രവി, കമ്മീഷണർ ബി.എസ്.തിരുമേനി, മുൻ പ്രസിഡന്റ് എ. പത്മകുമാർ, ജില്ലാ പോലീസ് മേധാവി ജി. ജയദേവ് , ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, മുൻ എംഎൽഎ മാലേത്ത് സരളാദേവി തുടങ്ങിയവർ സന്നിഹിതരായിരുന്നു. എആർ ക്യാമ്പിൽ നിന്നുള്ള പോലീസിന്റെ സായുധസംഘമാണ് പ്രത്യേക വാഹനത്തിൽ തങ്കഅങ്കി ഘോഷയാത്രയെ അനുഗമിക്കുന്നത്.

യാത്രാ വഴിയിലെ അമ്പതോളം ക്ഷേത്രങ്ങളിൽ തങ്കയങ്കി ഘോഷയാത്രക്ക്സ്വീകരണം ഒരുക്കിയിരുന്നു. ഘോഷയാത്രയിൽ ഉടനീളം നിറപറയും നിലവിളക്കുംവെച്ച് ഭക്തർ തങ്ക അങ്കിയെ വരവേറ്റത്.

(പി.ആർ. ശബരി–230)

## *പുണ്യം പൂങ്കാവനം ശുചീകരണയജ്ഞത്തിൽ*

## *ജസ്റ്റിസ് സി.ടി.രവികുമാർ പങ്കാളിയായി*

കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സി.ടി രവികുമാർ ശബരിമല സന്നിധാനം ശുചീകരിച്ച് പുണ്യം പൂങ്കാവനം യജ്ഞത്തിൽ പങ്കാളിയായി. ബുധനാഴ്ച രാവിലെ ഒൻപതിന് മാളികപ്പുറത്തേക്ക് പോകുന്ന സ്ഥലത്താണ് അദ്ദേഹം ശുചീകരണം നടത്തിയത്. ദ്രുതകർമ്മ സേന, ദേശീയ ദുരന്ത നിവാരണ സേന എന്നിവയിലേതുൾപ്പെടെ 250ഓളം ഉദ്യോഗസ്ഥരും ക്ഷേത്രവും പരിസരവും വൃത്തിയാക്കാന്നുന്ന പ്രവർത്തനത്തിൽ പങ്കെടുത്തു. ശുചീകരണത്തിന് നിയോഗിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്കൊപ്പമാണ് ഇവർ മാലിന്യങ്ങൾ നീക്കം ചെയ്തത്. പുണ്യം പൂങ്കാവനത്തിന്റെ ഭാഗമായി എല്ലാ ദിവസവും രാവിലെ 9 മുതൽ 10വരെ സന്നിധാനത്ത് നിയോഗിക്കുന്ന ഉദ്യോഗസ്ഥരുടെ പങ്കാളിത്തത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ദേശീയ ദുരന്ത നിവാരണ സേന ഡെപ്യൂട്ടി കമാൻഡന്റ് ജി. വിജയൻ, ദ്രുതകർമ്മ സേന ഡെപ്യൂട്ടി കമാൻഡന്റ് കെ. നിർമ്മൽ, പുണ്യം പൂങ്കാവനം കോ– ഓഡിനേറ്റർ വി. അനിൽകുമാർ എന്നിവരും പങ്കെടുത്തു.

(പി.ആർ. ശബരി–231)

## സത്രത്തിൽ നിന്ന് പ്രവേശനം രണ്ട് മണിവരെ മാത്രം

പുല്ലുമേട് വഴി സന്നിധാനത്തേക്ക് എത്തുന്ന പാതയുടെ തുടക്കമായ സത്രത്തിൽനിന്ന് തീർഥാകരെ ഉച്ചകഴിഞ്ഞ് രണ്ട് മണിവരെ മാത്രമേ കടത്തിവിടുകയുള്ളൂവെന്ന് വനം വ കുപ്പ് അധികൃതർ. രാവിലെ ഏഴു മുതലാണ് സത്രത്തിൽനിന്ന് തീർഥാടകരെ കടത്തിവിടുന്നത്. ഉച്ചകഴിഞ്ഞ് രണ്ട് മണിക്ക് ശേഷം സത്രത്തിൽ നിന്ന് യാത്ര തിരിച്ചാൽ സന്ധ്യക്ക് മുമ്പ് സന്നിധാനത്ത് എത്തില്ലയെന്നതാണ് യാത്ര നിയന്ത്രണത്തിനുള്ള പ്രധാന കാരണം. ദുർഘടമായ പാതയും വന്യ മൃഗ സാന്നിധ്യമുള്ള മേഖലകൂടിയായ സത്രത്തിൽ നിന്ന് സന്നിധാനത്തേക്ക് 12 കിലോമീറ്ററാണ് ദൂരം. സത്രം മുതൽ പുല്ല്മേട് വരെ ആറ് കിലോമീറ്ററും അവിടുന്ന് സന്നിധാനം വരെ ആറ് കിലോമീറ്ററുമാണ് ഉള്ളത്. മണ്ഡല മകര വിളക്ക് തീർഥാടന കാലത്ത് മാത്രമാണ് ഭക്തർക്ക് ഈ പാതയിലൂടെ പ്രവേശനം അനുവദിച്ചിരിക്കുന്നത്. ശബരിമലയിലെ മാസപൂജ വേളകളിൽ തീർഥാടകരെ പുല്ലുമേടുവഴിയുള്ള പാതയിലൂടെ കടത്തിവിടാറില്ല.

(പി.ആർ. ശബരി-232)

## ഡിസംബർ 26ന് ശബരിമല ക്ഷേത്രനടകൾ

## 4 മണിക്കൂർ അടച്ചിടും

സൂര്യഗ്രഹണം കണക്കിലെടുത്ത് ഈ മാസം 26ന് ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്ര തിരുനട,മാളികപ്പുറം, പമ്പ ക്ഷേത്ര നടകൾ നാല് മണിക്കൂർ അടച്ചിടും. പുലർച്ചെ 3 മണിക്ക് തുറക്കുന്ന നട അടച്ചിടുന്നത് 7.30 മുതൽ 11.30 വരെയാണ്. സൂര്യഗ്രഹണംആയതിനാൽ ക്ഷേത്രനട 4 മണിക്കൂർ അടച്ചിടുന്നതിനാൽ അയ്യപ്പഭക്തർക്ക് ദർശനത്തിന് നിയന്ത്രണമുണ്ടാകുമെന്ന് പൊലീസ് അറിയിച്ചു.

26 ന് രാവിലെ 8.06 മുതൽ 11.13 മണി വരെയാണ് സൂര്യഗ്രഹണം. ഗ്രഹണം കഴിഞ്ഞ് 11.30 ന് ക്ഷേത്രനട തുറക്കും. തുടർന്ന് പുണ്യാഹവും കലശാഭിഷേകവും നടക്കും. ഇതിനു ശേഷം 1 മണിക്കൂർ സമയം ഭഗവാന് നെയ്യഭിഷേകം ഉണ്ടായിരിക്കും. കളഭകലശം എഴുന്നെള്ളത്തിനു ശേഷം കളഭാഭിഷേകം. തുടർന്ന് ഉച്ചപൂജ. അതു കഴിഞ്ഞ് തിരുനട അടയ്ക്കും. അന്നേ ദിവസം വൈകുന്നേരം ശ്രീകോവിൽ നട തുറക്കുന്നത് 5 മണിക്കായിരിക്കും. 5.30 ഓടെ തങ്ക അങ്കി സ്വീകരിക്കാൻ നിയോഗിക്കപ്പെട്ടവർ തിരുനടയിൽ എത്തി പ്രത്യേക ഹാരം അണിഞ്ഞ് ശരംകുത്തിയിലേക്ക് യാത്ര തിരിക്കും. 6 മണിയോടെ തങ്ക അങ്കി ഘോഷയാത്രയ്ക്ക് ശരംകുത്തിയിൽ വച്ച് ആചാരപൂർവ്വമുള്ള സ്വീകരണം നൽകും. തുടർന്ന് ക്ഷേത്രത്തിലേക്ക് ആനയിക്കും. 6.25 ഓടെ പതിനെട്ടാം പടി കയറി കൊണ്ടു വരുന്ന

തങ്ക അങ്കിപ്പെട്ടി ശ്രീകോവിലിലേക്ക് ക്ഷേത്രതന്ത്രിയും മേൽശാന്തിയും ചേർന്ന് ഏറ്റുവാങ്ങും.ശേഷം തങ്ക അങ്കി ചാർത്തിയുള്ള മഹാദീപാരാധന നടക്കും. ഗ്രഹണത്തിന്റെ ഭാഗമായുള്ള നട അടയ്ക്കൽ കണക്കിലെടുത്ത് രാവിലെ 5 മണി മുതലും തങ്ക അങ്കി ഘോഷയാത്ര നടക്കുന്നതിനാൽ 26ന് വൈകുന്നേരവും അയ്യപ്പദർശനത്തിന് എത്തുന്ന ഭക്തർക്ക് നിലക്കൽ, പമ്പ എന്നിവിടങ്ങളിൽ നിയന്ത്രണം ഉണ്ടാകുമെന്ന് പൊലീസ് അറിയിച്ചു. രാത്രി 9.30 ന് അത്താഴപൂജ.10.50ന് ഹരിവരാസനം പാടി 11 മണിക്ക് തിരുനട അടയ്ക്കും. മണ്ഡലപൂജ ദിനമായ ഡിസംബർ 27ന് പുലർച്ചെ 3 മണിക്ക് ആണ് ക്ഷേത്രനട തുറക്കുന്നത്. 3 .15 മുതൽ 7 മണി വരെ നെയ്യഭിഷേകം. 7.30 ന് ഉഷപൂജ. 8 മണി മുതൽ 9.30 വരെ നെയ്യഭിഷേകം തുടരും. 10 മണിക്കും 11.40നും ഇടയ്ക്കുള്ള കുംഭം രാശിയിൽ തങ്ക അങ്കി ചാർത്തിയുള്ള മണ്ഡലപൂജ നടക്കും. ഉച്ചക്ക് 1 മണിക്ക് നട അടക്കും. അന്നേ ദിവസം വൈകുന്നേരം 4 മണിക്ക് നട വീണ്ടും തുറക്കും. ദീപാരാധന വൈകുന്നേരം 6.30ന്. അത്താഴപൂജ 9.30 ന്. രാത്രി 9.50 ന് ഹരിവരാസനം പാടി നട അടയ്ക്കും. ഇതോടെ 41 ദിവസം നീണ്ടു നിന്ന മണ്ഡലകാലത്തിനും പരിസമാപ്തിയാകും. മകരവിളക്ക് ഉത്സവത്തിനായി ക്ഷേത്ര തിരുനട ഡിസംബർ 30 ന് വൈകുന്നേരം 5 മണിക്ക് തുറക്കും. 2020 ജനുവരി 15 നാണ് മകരവിളക്ക്.

(പി.ആർ. ശബരി-233)

## *സൂര്യഗ്രഹണം, തങ്ക അങ്കി ഘോഷയാത്ര;*

## *താത്കാലിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തും*

***ഒരു മിനിറ്റിൽ പതിനെട്ടാം പടി കയറുന്നത് 80-85 പേർ**

ശബരിമല ക്ഷേത്രനട വ്യാഴാഴ്ച സൂര്യഗ്രഹണം കണക്കിലെടുത്ത് നാല് മണിക്കൂർ

അടച്ചിടുന്നതും തങ്കഅങ്കി ഘോഷയാത്ര എത്തുന്നതും പരിഗണിച്ച് തീർഥാടകർക്ക് നടപ്പന്തൽ, മരക്കൂട്ടം, പമ്പ, നിലക്കൽ ബേസ് ക്യാമ്പ്, എന്നിവിടങ്ങളിൽ പോലീസ് താൽക്കാലിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. സൂര്യഗ്രഹണം കണക്കിലെടുത്ത് 26-ന് രാവിലെ 7.30 മുതൽ 11.30 വരെയാണ് നട അടച്ചിടുക. അന്നേ ദിവസംതന്നെ വൈകുന്നേരത്തോടെ തങ്കഅങ്കി ഘോഷയാത്ര സന്നിധാനത്ത് എത്തിച്ചേരും. സന്നിധാനത്തെ തിരക്ക് പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിലാകും പമ്പ, നിലക്കൽ ബേസ് ക്യാമ്പ് എന്നിവിടങ്ങളിൽ നിന്ന് തീർഥാടകരെ കടത്തിവിടുന്നത്. പതിനെട്ടാം പടി കയറുന്നതിനും നിയന്ത്രണങ്ങളുണ്ട്. ശബരിമലയിൽ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. തിങ്കളാഴ്ച 80000ൽ അധികം തീർഥാടകരാണ് ദർശനം നടത്തിയതെന്നാണ് പോലീസ് കണക്ക്. ഒരു മിനിറ്റിൽ എൻപതിനും എൻപത്തഞ്ചിനും ഇടയിൽ തീർഥാടകരാണ് പതിനെട്ടാംപടി കയറുന്നത്. സുരക്ഷക്കായി സന്നിധാനത്ത് ചുമതലയുള്ള തിരുവനന്തപുരം ഡിസിപി ആർ. ആദിത്യയുടെ നേതൃത്വത്തിൽ 800 പോലീസുകാരാണ് സേവനത്തിനുള്ളത്.

(പി.ആർ. ശബരി–234)

# *മാർക്കറ്റ് ഫെഡ് സംഭരിച്ചത് 600 ടൺ കൊപ്ര*

നാല് വർഷത്തെ ഇടവേളയ്ക്ക് ശേഷം ശബരിമലയിലെ കൊപ്രാ സംഭരണം വീണ്ടും ഏറ്റെടുത്ത സംസ്ഥാന മാർക്കറ്റ് ഫെഡ് ഈ സീസണിൽ ഇതുവരെ സംഭരിച്ചത് 600 ടൺ കൊപ്ര. നേരത്തെ ഈ രംഗത്തുണ്ടായിരുന്ന സ്വകാര്യ വ്യക്തികൾ ലേലത്തുക കുറയ്ക്കണമെന്നും നിർബന്ധം പിടിച്ചതിനെ തുടർന്ന് സർക്കാർ ഇടപെട്ട് മാർക്കറ്റ് ഫെഡിന്റെ ലേലത്തുകയായ 5.16 കോടി രൂപ അംഗീകരിക്കുകയായിരുന്നു. ഇതിനു മുൻപ് 2014–15 സീസണിലാണ് മാർക്കറ്റ് ഫെഡ് ഇത് ഏറ്റെടുത്തിരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങളുടെ ഭാഗമായാണ് ശബരിമലയിലെ കൊപ്രാ സംഭരണം സ്വാകാര്യവ്യക്തികളിൽ നിന്ന് ഇത്തവണ വീണ്ടും മാർക്കറ്റ് ഫെഡ് ഏറ്റെടുത്തത്. സീസൺ കഴിയുന്നതോടെ ഏകദേശം ആയിരം ടൺ കൊപ്ര സംഭരിക്കാൻ കഴിയുമെന്ന് മാർക്കറ്റ്ഫെഡ് എംഡി ഡോ.സലിൽ എസ്.കെ. പറഞ്ഞു.

സന്നിധാനം ഗസ്റ്റ് ഹൗസിനു സമീപം നിന്ന് പുതിയ ഫോറസ്റ്റ് ഐബിയിലേക്ക് പോകുന്ന വഴിക്കാണ് തേങ്ങയിൽ നിന്നും കൊപ്രാ വേർതിരിച്ചെടുക്കുന്ന കൊപ്രാക്കളം സ്ഥിതിചെയ്യുന്നത്. യന്ത്രസഹായമില്ലാതെ പൂർണമായും മനുഷ്യാധ്വാനത്തിന്റെ ഫലമായാണ് ഇവിടെ തേങ്ങയിളക്കലും, ഉണക്കലും മറ്റുമൊക്കെ നിർവഹിക്കുന്നത്. സൂപ്പർവൈസർമാർ അഥവാ കങ്കാണിമാർ എന്നറിയപ്പെടുന്ന എട്ട് പേരാണ് കൊപ്രാക്കളത്തിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. ഇവർ ഓരോരുത്തർക്കും കീഴിൽ ഇരുപതോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. വിവിധ പണികളിൽ ഏർപ്പെടുന്ന ഇരുന്നൂറോളം തൊഴിലാളികൾ കൊപ്രാക്കളത്തിൽ ജോലി ചെയ്യുന്നുണ്ട്. പമ്പയിൽ നിന്നും സന്നിധാനത്തുനിന്നുമായി ശേഖരിക്കുന്ന ഭക്തർ അർച്ചനയായി ഉടച്ച തേങ്ങകളും മറ്റും ട്രെയ്‌ലറിൽ കയറ്റി കൊപ്രാക്കളത്തിൽ കൊണ്ടുവരുന്നു. തുടർന്ന് വേർതിരിച്ച് കഴികുവൃത്തിയാക്കിയതിനുശേഷം ചൂളയിലേക്ക് മാറ്റി കൊപ്രയാക്കുകയാണ് ചെയ്യുന്നത്.

(പി.ആർ. ശബരി–235)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.